കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം.(പി1)2025 /18

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 247771
തീയതി.30/10/2018

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് ,
വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

.

സർ,

.

വിഷയം :വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം.കെ.എസ്.എ.-ഇ.കെ.എം. (പി.1)2025/2018

തീയതി: 30.10.2018

## എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 16.9.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 17.9.2018 മുതൽ 29.9.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ ഹരീഷ് ബാബു എൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി ശബ്ന ദാസ് എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ പി.കെ. വേലായുധൻ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി അംബിക നന്ദനൻ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീ കെ.പി. വിശാഖ് | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി സോഫി ഐസക് | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ ടി.കെ. പോൾ | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ അനിൽകുമാർ എൻ. | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ മത്തായി പി.പി. | 1.4.2017 | 30.4.2017 |
| | ഒഴിവ് | 1.5.2017 | 22.7.2017 |
| | ഉമേഷ് ജി. | 23.7.2017 | 31.3.2018 |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| കൃഷി ഓഫീസർ | ശ്രീ സാജു കെ.സി. | 1.4.2017 | 29.8.2017 |
| | ശ്രീ ജോർജ് കെ.കെ. | 30.8.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (പ്.എച്ച്.സി) | ഡോ.സുജ അലോഷ്യസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഉമ മഹേശ്വരി എസ്. | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ടി.പി. രമേശൻ | 1.4.2017 | 15.7.2017 |
| | ഡോ.ലെന മേരി കുര്യക്കോസ് | 16.7.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജില്ലൂസൺ തോമസ് | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വടവുകോട്) | ശ്രീ ശ്രീകാന്ത് ശ്രീധർ | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (പുത്തൻ കുരിശ്) | ശ്രീമതി മീര നമ്പൂതിരി | 1.4.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (അമ്പലമേട്) | ശ്രീമതി ബിന്ദുമോൾ ടി. | 1.4.2017 | 29.8.2017 |
| | ശ്രീമതി ശീതള | 30.8.2017 | 31.3.2018 |
| വെറ്റിനറി സർജൻ | ഡോ.ആശ പോൾ | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ജോമോൻ ടി.പി. | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി റഹീന ബീവി എം. | 1.4.2017 | 31.3.2018 |
| ഹെഡ്മാസ്റ്റർ , GLPS | ശ്രീ സി.എം.ജോസ് | 1.4.2017 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നു. | 2-1 | |
| 2 | വാടക ഈടാക്കിയില്ല | 2-2 | |
| | ഭാഗം- 3 | | |
| 1 | പുതിയ അപേക്ഷകർക്ക് സുരക്ഷാ പെൻഷനുകൾ ലഭിച്ചില്ല | 3-1 | |
| 2 | തുക ചെലവഴിച്ചിട്ടും പദ്ധതി നടപ്പിലായില്ല | 3-2 | |
| 3 | കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരം ലഭ്യമല്ല. | 3-3 | |
| 4 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകത | 3-4 | |
| 5 | ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തതിലെ അപാകത. | 3-5 | |
| 6 | പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-6 | |

| | | | |
|---|---|---|---|
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അവലോകനം | 3-7 | |
| 8 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പാലിന്റെ അളവ് സാക്ഷ്യപ്പെടുത്തുന്നില്ല | 3-8 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | (എ) ബാലൻസ് ഷീറ്റ്<br>(ബി) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>(സി) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 | |

.

# ഭാഗം 1

# പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 വർഷത്തേക്കുള്ള ബജറ്റ് 18.3.2017 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2. വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 22.5.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | കെ.എസ്.എ.ഇ കെ.എം.(പി.ജി.) 1786 /(76) /2018/ 30.8.2018 (വിശേഷണങ്ങളോടു കൂടിയത്) |

.

## 1-4. സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25241647.27 |
| വരവ് | 113279948.00 |
| ആകെ | 138521595.27 |
| ചെലവ് | 111530901.00 |
| നീക്കിയിരിപ്പ് | 26990694.27 |

.

## 1-5. ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് | നീക്കി | ചെലവഴി |
|---|---|---|---|---|---|---|

| | | | | തുക | ബാക്കി (RP40B) | ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12733000 | 12733000 | 11241283 | 0 | 1491717 |
| വികസന ഫണ്ട് (എസ്. സി.പി) | 0 | 11149187 | 11149187 | 10082575 | 0 | 1066612 |
| വികസന ഫണ്ട് (ടി. എസ്.പി) | 0 | 368850 | 368850 | 368850 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9860000 | 9860000 | 9860000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2836000 | 2836000 | 2836000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5980244 | 5980244 | 5980244 | 0 | 0 |
| കെ. എൽ. എസ്. ജി. ഡി. പി (state 793683) | 0 | 2536266 | 2536266 | 2536266 | 0 | 0 |
| ലിറ്ററസി | 144681 | 5603 | 150284 | 0 | 150284 | 0 |
| ദുരിതാശ്വാസ നിധി | 101145 | 3509 | 104654 | 58000 | 46654 | 0 |
| എം.എൻ ആർ.ഇ. ജി.എസ്. | 2044 | 329309 | 331353 | 282659 | 48694 | 0 |
| സാനിറ്റേഷൻ | 52309.04 | 3126 | 55435.04 | 0 | 55435.04 | 0 |
| ട്രഷറി ടി. എസ്.ബി. ജോയിന്റ് വെഞ്ചർ | 71630 | 539185 | 610815 | 610815 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 668292 | 9714000 | 10382292 | 9934634 | 447658 | 0 |
| തനത് ഫണ്ട് | 24114833.23 | 59475918 | 83590751.23 | 57348782 | 26241969.23 | 0 |
| ബി. ഫണ്ട് | 0 | 304080 | 304080 | 304080 | 0 | 0 |

# 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 267 | 159146889 | 178 | 76475347 | 72 | 17 | 66.70 |

# 1-7. തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2044 | 595809 | 597853 | 549159 | 48694 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 4930495 | 4930495 | 4930495 | 0 |
| ആകെ | 2044 | 5526304 | 5528348 | 5479654 | 48694 |

# 1-8. ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19080 | 33 |
| കർഷകതൊഴിലാളി പെൻഷൻ | 3760600 | 1251 |
| വിധവാപെൻഷൻ | 10819700 | 3486 |
| വാർദ്ധക്യകാല പെൻഷൻ | 12842800 | 3409 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2513100 | 795 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 338000 | 109 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.9.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42539/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 അഭ്യന്തര നിയന്ത്രണം

ബജറ്റ്

പഞ്ചായത്തിലെ ബജറ്റ് തയ്യാറാക്കുന്നതിൽ നടപടി ക്രമങ്ങൾ പൂർണ്ണമായും പാലിച്ചു കണ്ടില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഇപ്രകാരം യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.

സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുണ്ട്. നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിച്ചതായി കണ്ടില്ല. അതുപോലെ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകിയിട്ടില്ല. അയതിനാൽ നോൺപ്ലാൻ എസ്റ്റിമേറ്റുകളും അംഗീകരിച്ച വാർഷിക പദ്ധതികളും സംയോജിപ്പിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ സാധിക്കില്ല. ധനകാര്യ കമ്മറ്റി ബജറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യങ്ങൾ സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതായിരുന്നു.

2. അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കാനുദ്ദേശിച്ചിരുന്ന അംഗീകാരം ലഭിച്ച മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം ഏറ്റെടുത്ത 171 പ്രൊജക്ടുകളിൽ 49 എണ്ണം പ്രൊജക്ടുകൾ തൻവർഷത്തിൽ നടപ്പിലാക്കുവാൻ / പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. പ്ലാൻ നടപടിക്രമം പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രൊജക്ടുകളുടെ സാങ്കേതികാനുമതി 31.7.2017 നകം ലഭിച്ചിരിക്കണമെന്നത് പാലിച്ചിട്ടുണ്ട്. അതു പോലെ തന്നെ ഇ- ടെണ്ടർ നടപടിക്രമം യഥാക്രമം 31.7.2017, 15.8.2017 എന്നീ തിയതിക്കകം പൂർത്തിയാക്കേണ്ടതാണെന്നത് പാലിച്ചതായി കണ്ടില്ല.

| ടെണ്ടർ തിയതി | പ്രൊജക്ടുകളുടെ എണ്ണം |
|---|---|
| 22.8.2017 | 11 |
| 19.9.2017 | 38 |
| 10.11.2017 | 7 |

ഓരോ പാദവർഷത്തിലും കൃത്യമായ ആസൂത്രണത്തോടെ പ്രവർത്തിച്ചിട്ടില്ലാത്തതിനാലാണ് പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത്. പദ്ധതി പുരോഗതി വികസനകാര്യ കമ്മറ്റി കാര്യമായി വിലയിരുത്തുകയോ പ്രവർത്തനം വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

3. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾ കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻ ഗണനാ ക്രമത്തിൽ മാത്രമേ നടപ്പാക്കാവൂ എന്ന് ജി.ഒ.(എം.എസ്.) 31/2011/ ത.സ്വ.ഭ.വ./ 4.2.2011 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ ഉത്തരവു പ്രകാരം മേജർ ജില്ലാ റോഡുകൾ വരെയുള്ള എല്ലാ റോഡുകളേയും ഉൾപ്പെടുത്തികൊണ്ടുള്ള കണക്ടിവിറ്റി പ്ലാൻ ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇതുവരേയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്ടിവിറ്റി ഇല്ലാത്ത റോഡ് വികസനം

പാഴ് ചെലവാകുന്നു. ഇതിന്റെ അഭാവത്തിൽ എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട് തുടങ്ങിയവ ചേർത്ത് സംയോജിത പദ്ധതികൾ നടപ്പിലാക്കാനുള്ള സാധ്യതയും ഇല്ലാതാകുന്നു.

4. അടിസ്ഥാന സൗകര്യ വികസനം.

അടിസ്ഥാന സൗകര്യങ്ങൾക്ക് മതിയായ പ്രൊജക്ടുകൾ തയ്യാറാക്കുന്നില്ല. വണ്ടിത്താവളങ്ങളും അതിനുള്ള പൊതു സൗകര്യമൊരുക്കലും പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. പഞ്ചായത്തിന്റെ ചുമതലകളിൽപ്പെട്ട ഇനങ്ങളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ആസ്തികൾ യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾ ആസ്തി രജിസ്റ്ററിലേക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പും

പതിമൂന്നാം പഞ്ചവത്സരപദ്ധതി പ്രകാരം 2017-18ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 9-1-2017 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം. 10/2017/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

i. ആസൂത്രണസമിതി

മേൽ സർക്കാർ ഉത്തരവ് പ്രകാരം 16-01-2017 ന് മുമ്പ് ആസൂത്രണസമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കണം. എന്നാൽ 24-01-2017 ലെ 16/17 നമ്പർ തീരുമാന പ്രകാരമാണ് ആസൂത്രണ സമിതി രൂപീകരിച്ചത്. അധ്യക്ഷനും ഉപാധ്യക്ഷനും 12 അംഗങ്ങളും ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. 2017-18 വർഷം ആസൂത്രണ സമിതി രണ്ട് യോഗമാണ് ചേർന്നിട്ടുള്ളത്. 10-02-2017 ചേർന്ന യോഗത്തിൽ പദ്ധതി പ്രവർത്തനവും 11-02-2017ന് ചേർന്ന യോഗത്തിൽ വർക്കിംഗ് ഗ്രൂപ്പ് പോതുയോഗം ചേരുന്നതിനും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനെകുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്.

ii. വർക്കിംഗ് ഗ്രൂപ്പ്

മാർഗ്ഗരേഖയുടെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്തിൽ താഴെപറയുന്ന മേഖലകളിൽ ഭരണസമിതിയുടെ 24-01-2017 ലെ 16/17 നമ്പർ തീരുമാന പ്രകാരം താഴെ പറയുന്ന 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

1. ആരോഗ്യം

2. കുടിവെള്ളം ശുചിത്വം(മാലിന്യ പരിപാലനം ഉൾപ്പെടെ)

3. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെപെടെ)

4. ദാരിദ്ര്യ ലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)

5. വിദ്യാഭ്യാസം. കലയും സംസ്കാരവും യുവവജനകാര്യവും

6. പ്രാദേശിക സാമ്പത്തിക വികസനം

7. വനിതാവികസനം

8. സാമൂഹ്യനീതി

9. പട്ടികജാതി വികസനം /പട്ടികവർഗ്ഗ വികസനം

10. മൃഗസംരക്ഷണവും ക്ഷീരവികസനവും

11. കൃഷി അനുബന്ധ മേഖല

12. പൊതുഭരണവും ധനകാര്യവും.

11-2-2017 ന് വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം ചേർന്നിട്ടുണ്ട്. ഈ യോഗത്തിൽ 111 പേർ ഹാജരായിട്ടുണ്ട്. 18-3-2017 ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെയും ചെയർമാൻമാരുടെയും യോഗം ചേർന്നിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും 2017-18 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം യോഗം ചേർന്നിട്ടുണ്ട്.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആരോഗ്യം | ഒന്ന് |
| 2 | കുടിവെള്ളം ശുചിത്വം | ഒന്ന് |
| 3 | പൊതുമരാമത്ത് ( വൈദ്യുതിയുംഊർജ്ജവും ഉൾപ്പെപെടെ) | ഒന്ന് |
| 4 | ദാരിദ്ര ലഘൂകരണം( പാർപ്പിടം ഉൾപ്പെടെ) | ഒന്ന് |
| 5 | വിദ്യാഭ്യാസം. കലയും സംസ്കാരവും യുവജനകാര്യവും | ഒന്ന് |
| 6 | പ്രാദേശിക സാമ്പത്തിക വികസനം | ഒന്ന് |
| 7 | വനിതാവികസനം | ഒന്ന് |
| 8 | സാമൂഹ്യനീതി | ഒന്ന് |
| 9 | പട്ടികജാതി വികസനം /പട്ടികവർഗ്ഗ വികസനം | ഒന്ന് |
| 10 | മൃഗസംരക്ഷണവും ക്ഷീരവികസനവും | ഒന്ന് |
| 11 | കൃഷി അനുബന്ധ മേഖല | ഒന്ന് |
| 12 | പൊതുഭരണവും ധനകാര്യവും. | ഒന്ന് |

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക, സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ഗ്രാമസഭയോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചയ്ക്ക് നേതൃത്വംവഹിക്കുക,

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന അവസ്ഥാവിശകലനം നടത്തുക, അവസ്ഥാ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി ഒരു അവസ്ഥാ രേഖ (Status Report) യഥാസമയം തയ്യാറാക്കി സമർപ്പിക്കുക., പദ്ധതി അംഗീകരിച്ചതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റിയായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക. തുടങ്ങിയ പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനുട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെട്ട ഉത്തരവാദിത്വങ്ങൾ എത്രത്തോളം നിർവ്വഹിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളൊന്നും രേഖപ്പെടുത്തിയതായി കാണുന്നില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പുകളും വിവിധ തീയതികളിലായി യോഗം ചേർന്നതായി കാണിച്ചിട്ടുണ്ട്. യോഗങ്ങളിൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല.

### iii. സ്റ്റാറ്റസ് റിപ്പോർട്ട്

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളുടെയും കോട്ടങ്ങളുടേയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പുകളും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (Status Report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതുപോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ച് വർഷം കൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തൊക്കെയെന്നും കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയമേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ (Status Report) തയ്യാറാക്കിയിട്ടുണ്ട്.

### iv. പദ്ധതി രൂപീകരണവും നിർവഹണവും

ജി.ഒ.(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-3-2017 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2017-18 ലെ വാർഷിക പദ്ധതിക്ക് 5-5-2017 ന് മുമ്പ് ആസൂത്രണസമിതി അംഗീകാരം വാങ്ങേണ്ടതാണ്. പദ്ധതി ആസൂത്രണ നിർവഹണനടപടികൾ സംബന്ധിച്ച വിവിധ ഘട്ടങ്ങൾ മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമസഭകൾ/ ഊരുകൂട്ടങ്ങൾ യോഗം ചേരൽ, വികസന സെമിനാർ, വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അംഗീകാരം, പ്രോജക്ടുകളുടെ പരിശോധനയും സാങ്കേതിക അനുമതിയും, വാർഷിക പദ്ധതി നിർവഹണവും മോണിറ്ററിംഗും

തുടങ്ങിയവ യഥാസമയം നടപ്പിലാക്കിയിട്ടുണ്ട്.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 25.01.2017 ന് കുട്ടികളുടെ ഗ്രാമസഭ, വനിതാ ഗ്രാമസഭ, വയോജന ഗ്രാമസഭ എന്നിവയും 13.03.2018 ന് പട്ടികവർഗ്ഗക്കാരുടെ ഊരുകൂട്ടവും 11.02.2017 തീയതിയിൽ വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗവും ചേർന്നിട്ടുണ്ട്. 15.05.2017 ന് വികസന സെമിനാറും നടത്തിയിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മറ്റി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 2017-18 വർഷത്തെ വാർഷിക പദ്ധതി അംഗീകരിച്ച് ഭരണസമിതിക്ക് നൽകിയിട്ടുണ്ട്. ആയത് 17.05.2017ലെ 1/2017 നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

v. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം

2017-18 വാർഷിക പദ്ധതികൾ 05.05.2017ന് മുൻപ് അംഗീകാരം നേടണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും ജില്ലാ ആസൂത്രണ സമിതിയുടെ 41133/2017 /DPC/DPO/EKM/തീയതി 08.06.2017 പ്രകാരമാണ് വാർഷിക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഡി.പി.സി.അംഗീകരിച്ച പദ്ധതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | 267 |
| നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | 196 |
| പുതിയ പ്രോജക്ടുകൾ | 104 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 92 |
| ആകെ അടങ്കൽ | 159146889 |
| ആകെ ചെലവ് | 76475347 |
| പൊതുവിഭാഗം (ചെലവ്) | 11241283 |
| പട്ടിക ജാതി | 10082575 |
| പട്ടിക വർഗ്ഗ വിഭാഗം | 368850 |

vi. മോണിറ്ററിംഗ്

സ.ഉ(എം.എസ്) നം.72/2017 തസ്വഭവ തീയതി 29-03-2017 ഉത്തരവ് ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ് എന്നും അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി വർക്കിംഗ് ഗ്രൂപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതും ഇങ്ങനെ തീരുമാനിച്ച കാര്യം സെക്രട്ടറി രേഖാമൂലം വർക്കിഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പ് ഒഴികെ മറ്റുള്ളവയിൽ പ്രോജക്ട് മോണിറ്ററിംഗ് സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്തതായി

കാണുന്നില്ല. കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറായി അസിസ്റ്റന്റ് കൃഷി ഓഫീസർ മിനുട്ട്സിൽ ഒപ്പ് വെച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് കൺവീനർ നിർഹണ ഉദ്യോഗസ്ഥനായ സംഗതികളിൽ മറ്റൊരു ഉദ്യോഗസ്ഥനെ മോണിറ്ററിംഗ് കമ്മറ്റി കൺവീനറായി സെക്രട്ടറി ഉത്തരവായതിന്റെ വിവരങ്ങൾ ലഭ്യക്കിയിട്ടില്ല. കൂടാതെ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ചർച്ചയ്ക്ക് വരികയോ ഭരണസമിതിക്ക് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല. ചില പ്രോജക്ടുകളുടെ കൂടെ മോണിറ്ററിംഗ് ഫോം ഒപ്പിട്ട് വെക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് .

vii. സ്റ്റാൻറ്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 കാലയളവിൽ 12 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 2017-18 ൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽപോലുള്ള പൊതുവായ നടപടികളാണ് യോഗത്തിൽ നടന്നിട്ടുള്ളത്. 2017-18 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് തുകകളുമായി ഭീമമായ തുകയുടെ അന്തരം നിലനിൽക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2. വികസന സ്റ്റാന്റിംഗ് കമ്മറ്റി

കൃഷി കന്നുകാലി വളർത്തൽ, ജലസേചനം, മത്സ്യകൃഷി, സാമൂഹീക വനവത്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമ്മാണം, പരമ്പരാഗത തൊഴിൽ, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, ഊർജ്ജ സംരക്ഷണം, പൊതുമരാമത്ത് ജലവിതരണം വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2017-18 വർഷത്തിൽ 15 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് വാർഷിക പദ്ധതി അംഗീകരിച്ച് ഭരണസമിതിക്ക് നൽകുകയും ഡി.പി.സി അംഗീകരിച്ച പ്രോജക്ടുകൾ നിർവ്വഹണ ഉദ്യോഗസ്ഥരെ ഏല്പിക്കുകയും അവയുടെ നിർവഹണവും ചെലവ് വിലയിരുത്തലുകൾ നടത്തുക തുടങ്ങിയ പൊതുവായ നടപടികളാണ് കമ്മറ്റിയിൽ നടന്നിട്ടുള്ളത്. അംഗീകരിക്കപ്പെട്ട പദ്ധതികളുടെ പൊതുവായ മേൽനോട്ടം എന്നതിലുപരി ഓരോ മേഖലയിലെയും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ കൃത്യമായി വിലയിരുത്തുകയോ, സ്റ്റാറ്റസ് റിപ്പോർട്ട് കൃത്യമായി അപഗ്രഥിച്ച് വികസനത്തിനുതകുന്ന പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനോ ശ്രമങ്ങൾ നടത്തിയിട്ടില്ല.

3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വരുന്നത്. 2017-18 വർഷത്തിൽ 13 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. എല്ലാ മാസവും സ്റ്റാൻഡിംഗ് കമ്മറ്റിയോഗങ്ങൾ ചേരുന്നുണ്ടെങ്കിലും ക്ഷേമപെൻഷനുകൾക്ക് ലഭിച്ച അപേക്ഷകളിലെ തുടർനടപടികളാണ് പ്രസ്തുത യോഗങ്ങളിൽ പ്രധാനമായും പരിഗണനയിൽ വരുന്നത്. കൂടാതെ പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ചർച്ച ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

4. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പൊതുജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, വിദ്യാഭ്യാസം, കായികവികസനം, യുവജനക്ഷേമം എന്നീ വിഷയങ്ങളാണ് ആരോഗ്യ കുടുംബക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നത്. 2017-18 കാലയളവിൽ 12 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ തീരുമാനങ്ങളായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗ് കമ്മറ്റികൾ പ്രോജക്ട് മോണിറ്ററിംഗ് നടത്തി സ്റ്റാൻഡിംഗ് കമ്മറ്റിക്ക് നൽകിയതിന്റേയോ അവ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്തതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടിന്റെ പുരോഗതി സ്റ്റാൻഡിംഗ് കമ്മറ്റി വിലയിരുത്തുന്നുണ്ട്. എന്നാൽ വിശദമായി മോണിറ്ററിംഗ് നടത്തിയതായി മിനുട്ട്സുകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല.

ജി.ഒ.(പി) 259/2010/തസഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെൻറ് മാർഗ്ഗരേഖയിലെ കൂടിയാലോചന (നെഗോസിയേഷൻ) വ്യവസ്ഥകൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലേലക്കാരനുമായി നെഗോസിയേഷൻ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കണമെന്നും ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടെങ്കിലും അതും ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെൻറ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട വാങ്ങലിന്റെ വിവരങ്ങൾ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ പ്രവർത്തിയുടെ മോണിറ്ററിങ് നടത്തേണ്ട ചുമതല 'ആരോഗ്യം - ശുചിത്വം' വർക്കിംഗ് ഗ്രൂപ്പിനാണെങ്കിലും ഇത് സംബന്ധിച്ച വിവരങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം വാങ്ങലുകൾക്ക് സ്റ്റോർ പർച്ചസ് മാന്വൽ/പ്രൊക്യൂർമെൻറ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

.

# 1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.7.2018 & 24.7.2018 | 06/2018 | 6.8.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.8.2007മുതൽ 11.9.2007 വരെ | 1997-98 മുതൽ 2006-07 വരെ | 18.10.2007 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ കെ.എസ്.എ.-ഇ.കെ.എം.(പി.ജി.)1786/(76)/2018/ 30.8.2018 പ്രകാരം പ്രത്യേകം പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതിയിനത്തിൽ കുറവ് സംഭവിക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുതകെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷികവസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശസ്വയംഭരണ(ആർ ഡി)വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011പ്രകാരം വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിനുള്ള വിജ്ഞാപനത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 50 രൂപയായും വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 60 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയരേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും അവയ്ക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്രമീറ്ററിന് 60 രൂപ) ഈടാക്കുന്നതിനു പകരം 100 ചതുരശ്ര മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 50 രൂപ നിരക്കിലുമാണ് നികുതി ഈടാക്കിയിരിക്കുന്നത്. വിശദവിവരം ചുവടെ ചേർക്കുന്നു.

,,

| ക്രമ നം. | വാർഡ് നം./കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തൃതി (പ്ലിന്ത് ഏരിയ) ച.മീ | നിർണ്ണയിക്കേണ്ടിയിരുന്ന നികുതി (60/- രൂപ നിരക്കിൽ വർദ്ധനവ് ഇളവ് ഗ്രന്ഥശാല വരി ഉൾപ്പടെ) | നിർണ്ണയിച്ച നികുതി (50/- രൂപ നിരക്കിൽ വർദ്ധനവ് ഇളവ് ഗ്രന്ഥശാല വരി ഉൾപ്പടെ) | കുറവ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | VIII/811A | ലീല ജോയി മുട്ടത്തിൽ ഹൗസ് | 18.77 | 1419 | 1184 | 235 |
| | VIII/811B | ,, | 18.77 | 1419 | 1184 | 235 |
| | VIII/811C | ,, | 18.77 | 1419 | 1184 | 235 |
| | VIII/811D | ,, | 18.77 | 1419 | 1184 | 235 |
| | VIII /811E | ,, | 18.77 | 1419 | 1184 | 235 |
| | VIII/811 F | ,, | 18.77 | 1419 | 1184 | 235 |
| 2 | VIII/991B | മണി വി.വി. വടാട്ട് ഹൗസ് | 81.9 | 5160 | 4301 | 859 |
| | VIII/991C | ,, | 81.9 | 4902 | 4087 | 815 |
| 3 | II /125 A | ഗീവർഗീസ് കെ.ജേക്കബ് വല്ലാപ്പിള്ളിൽ | 73.56 | 5283 | 4404 | 879 |
| | II /125 B | ,, | 73.56 | 4995 | 4172 | 823 |

സമാനമായ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ കടമുറികളായി വിഭജിച്ച് താഴ്ന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ സഞ്ചയയിൽ പുനർനിർണ്ണയം നടത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

## 2-2 വാടക ഈടാക്കിയില്ല

2017-18 സാമ്പത്തികവർഷത്തിൽ വാടകയ്ക്ക് നല്കിയിരുന്ന താഴെ പറയുന്ന കടമുറികളുടെ വാടക മുഴുവനായോ ഭാഗികമായോ ഈടാക്കിയിട്ടില്ല.

1) കുഴീക്കാട് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം. | കെട്ടിട നം. | പ്രതിമാസ വാടക | വാടകയ്ക്ക് എടുത്ത ആളുടെ പേര് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | XIV/358 | 1417 | പി വി കൃഷ്ണൻകുട്ടി | 1417 X 12 = 17004 |

| | | | | |
|---|---|---|---|---|
| 2 | XIV/376 | 399 | സി എൻ സുകുമാരൻ | 399 X 12 = 4788 |

2) കരിമുകൾ ഷോപ്പിംഗ് കോംപ്ലക്സ്

| കെട്ടിട നം. | പ്രതിമാസ വാടക | വാടകയ്ക്ക് എടുത്ത ആളുടെ പേര് | ഈടാക്കേണ്ട തുക |
|---|---|---|---|
| II/705 | 1209 | വിനോജ് ചോതി | 1209X6= 7254 |

3) പച്ചക്കറി മാർക്കറ്റ്

| ക്രമ നം. | കെട്ടിട നം. | പ്രതിമാസ വാടക | വാടകയ്ക്ക് എടുത്ത ആളുടെ പേര് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | VIII/427 | 1035 | സെക്രട്ടറി,VICOS | 1035X10=10350 |
| 2 | VIII/428 | 1292 | സെക്രട്ടറി,VICOS | 1292X10=12920 |
| 3 | VIII/429 | 817 | സെക്രട്ടറി,VICOS | 817X10=8170 |
| 4 | VIII/430 | 817 | സെക്രട്ടറി,VICOS | 817X10=8170 |

മേൽ പറഞ്ഞിട്ടുള്ള കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2017-18 വർഷം ലഭിക്കേണ്ട തുകയായ 68656/-രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പുതിയ അപേക്ഷകർക്ക് സുരക്ഷാപെൻഷനുകൾ ലഭിച്ചില്ല

പഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷത്തിൽ വിവിധ സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് അപേക്ഷിച്ചവർക്ക് പെൻഷനുകൾ ലഭിച്ചുതുടങ്ങിയിട്ടില്ല. തൻവർഷം ഓരോ ഇനത്തിലും പുതിയതായി ലഭിച്ച അപേക്ഷകളുടെ എണ്ണം താഴെ പറയുന്നു.

.

| ഇനം | അപേക്ഷകരുടെ എണ്ണം |
|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 8 |
| വാർദ്ധക്യകാലപെൻഷൻ | 222 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 |

| | |
|---|---|
| വിധവാപെൻഷൻ | 48 |

മേൽ കണക്കുകൾ പ്രകാരം വിവിധ ക്ഷേമപദ്ധതികളിലായി 280 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിട്ടില്ല. അന്വേഷണത്തിൽ 25.05.2017 ലെ ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പിന്റെ 460587/2017/ധന സർക്കുലറിൽ ആവശ്യപ്പെട്ട പ്രകാരം സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ പുതിയ ഡേറ്റാ എൻട്രി മാറ്റി വെച്ചിട്ടുണ്ട്. നിലവിൽ ഇവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അപേക്ഷകളിൽ കൃത്യമായ അന്വേഷണം നടത്തി കാലതാമസം കൂടാതെ തീർപ്പുകൽപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തുക ചെലവഴിച്ചിട്ടും പദ്ധതി നടപ്പിലായില്ല

പ്രൊജക്ടിന്റെ നം., പേര് - എസ് 0128/18, സ്കൂൾ വിദ്യാർത്ഥിനികൾക്ക് ശുചിത്വം

അടങ്കൽ – 2,00,000/- (വികസനഫണ്ട് - പൊതുവിഭാഗം)

ചെലവ് - 50,173/-

ബിൽ നം.5 /17-18, തീയതി – 14.03.18, തുക – 50,173/-

പഞ്ചായത്തിലെ തെരെഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ വിദ്യാർത്ഥിനികളുടെ ആവശ്യത്തിലേക്കായി സാനിറ്ററി നാപ്കിൻ, ഇവ സൂക്ഷിക്കുന്നതിന് അലമാര, ഉപയോഗിച്ചതിനു ശേഷം ഇവ പ്രകൃതിക്ക് കേടുകൂടാതെ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ അതാത് സ്കൂളുകൾക്ക് നല്കുന്നതിന് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. സാമൂഹ്യനീതിവകുപ്പിനു കീഴിലുള്ള കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്പ്മെന്റ് കോർപറേഷൻ ലിമിറ്റഡ് എന്ന ഏജൻസിയിൽ നിന്നും 250 പെൺകുട്ടികൾക്ക് ഒരു ഇൻസിനറേറ്റർ, ഒരു പെൺകുട്ടിക്ക് പ്രതിമാസം 2 പാക്കറ്റ് സാനിറ്ററി നാപ്കിൻ, 150 പെൺകുട്ടികൾക്ക് ഒരു അലമാര എന്ന തോതിലും പ്രൊജക്ട് നടത്തിപ്പിനാവശ്യമായ തുകയുടെ 50 ശതമാനം തുക മുൻകൂറായും ടി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന പക്ഷം ബാക്കി തുകയും നല്കണമെന്ന വ്യവസ്ഥയിലുമാണ് പ്രൊജക്ട് നടപ്പാക്കുവാൻ ഉദ്ദേശിച്ചത്. പുത്തൻകുരിശ് ഗവ. യു.പി.എസ്, പുറ്റുമാനൂർ ഗവ. യു.പി.എസ്. എന്നീ സ്കൂളുകളെയാണ് ഇതിനായി തെരെഞ്ഞെടുത്തത്. ഓരോ സ്കൂളിനും ഒരു ഇൻസിനറേറ്റർ, ഒരു അലമാര 1000 പാക്കറ്റ് സാനിറ്ററി നാപ്കിൻ എന്നിവയാണ് നിർവഹണോദ്യോഗസ്ഥൻ ഏജൻസിയോട് ആവശ്യപ്പെട്ടത്. ഇതിനു വരുന്ന ചെലവ് ഇങ്ങനെയാണ് .

| ക്രമ നം. | ഇനം | എണ്ണം | തുക (രൂപ) |
|---|---|---|---|
| 1 | ഇൻസിനറേറ്റർ | 2 | 46704 |
| 2 | അലമാര | 2 | 17280 |
| 3 | സാനിറ്ററി നാപ്കിൻ | 2000 പാക്കറ്റ് | 27240 |
| ആകെ | | | 91224 |

രണ്ട് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ 50 ശതമാനവും(45612/-) പദ്ധതി ചെലവിന്റെ 10 ശതമാനം തുകയും (4561/-) ഉൾപ്പടെ 50,173/- രൂപ കേരള സ്റ്റേറ്റ് വിമൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിനു കൈമാറിയിട്ടുണ്ടെങ്കിലും (നം. KSWDC/PO2/She pad/LSGD/2015-16/1622, തീയതി 19.04.18) പദ്ധതി നാളിതുവരെ പ്രാവർത്തികമായിട്ടില്ല. ഇത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥന് 25.09.18 ന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6) മറുപടി ഹാജരാക്കിയില്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 3-3 കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | S 0008/18 / വനിതകൾക്ക് കന്നുകുട്ടി പരിപാലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | 2000000 |
| ചെലവ് തുക | 500000 |
| ബിൽ നമ്പർ | 4/17-18, തീയതി.19.01.18 |

കന്നുകുട്ടിപരിപാലന പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും 80 ഗുണഭോക്താക്കൾക്കായി 6250 രൂപ വീതം പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി. സബ് സെന്റർ, ആലുവയ്ക്ക് 500000/- രൂപ 711040100000001 എന്ന TSB അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ 192960/- രൂപയുടെ കാലിത്തീറ്റ കേരള ഫീഡ്സിൽ നിന്നും ലഭിച്ചതിന്റെ വിനിയോഗ വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 307040/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടതിന് കാലിത്തീറ്റ തീരുന്നതനുസരിച്ചാണ് വിതരണം ചെയ്യുന്നത് എന്ന മറുപടിയാണ് ലഭിച്ചത്. അവശേഷിക്കുന്ന 307040/- രൂപയുടെ കാലിത്തീറ്റ കേരള ഫീഡ്സിൽ നിന്നും ലഭ്യമാക്കി വിവരം അറിയിക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

.

## 3-4 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകത സംബന്ധിച്ച്

| | | |
|---|---|---|
| പ്രോജക്ട് നം./ പേര് | 1) S0038/18 /സമഗ്ര തെങ്ങു കൃഷി വികസനം | 2)S0039/18 /ഏത്തവാഴ കൃഷി വികസനം |

| | | |
|---|---|---|
| ചെലവ് തുക | 1) 379980/-<br>2) 220020/- | 1) 123397/-<br>2) 64103/- |
| ബിൽ നമ്പർ | 1)2/17-18/08.01.2018<br>2)4/17-18/30.01.2018 | 1)1/17-18<br>/08.01.2018<br>2)5/17-18<br>/30.01.2018 |

1) സമഗ്ര തെങ്ങ് കൃഷി വികസനം എന്ന പ്രോജക്ടിന്റെ ഭാഗമായി 218 ഗുണഭോക്താക്കൾക്ക് ജൈവവളം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഗ്രാമപഞ്ചായത്തിലെ 16വാർഡുകളിലുമായി ആകെ 218 ഗുണഭോക്താക്കളാണുള്ളത് (ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം). ഈ പ്രോജക്ടിൽ കൊട്ടേഷൻ കൂടാതെ കർഷകർക്ക് സഹകരണ സ്ഥാപനത്തിൽ നിന്നും ജൈവ വളം നേരിട്ട് വാങ്ങാനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ജൈവ വളം വാങ്ങിയതിന് ആകെ 6,00,000/-രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്. ബാങ്ക് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖയിൽ സ.ഉ.(എം.എസ്) 80/2017ത സ്വ ഭ വ തീയതി 03.04.17 പൊതു നിബന്ധന 2-8 ൽ നേരിട്ടു വാങ്ങുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപെടുത്തിയതിനു ശേഷം വിതരണം നടത്തിയവരുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത്.

2) ഏത്തവാഴ കൃഷി വികസനം എന്ന പ്രോജക്ടിന്റെ ഭാഗമായി 239 ഗുണഭോക്താക്കൾക്ക് ജൈവ വളം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലുമായി ആകെ 239 ഗുണഭോക്താക്കളാണുള്ളത്(ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം). ഈ പ്രോജക്ടിൽ കൊട്ടേഷൻ കൂടാതെ കർഷകർക്ക് സഹകരണ സ്ഥാപനത്തിൽ നിന്നും ജൈവ വളം നേരിട്ട് വാങ്ങാനാണ് പ്രോജക്ട് തയാറാക്കിയിട്ടുള്ളത്. ജൈവ വളം വാങ്ങിയതിന് ആകെ 187500/-രൂപ സബ്സിഡി ആയി നൽകിയിട്ടുണ്ട്. ബാങ്ക് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖയിൽ സ.ഉ.(എം.എസ്) 80/2017ത സ്വ ഭ വ തീയതി 03.04.17 പൊതു നിബന്ധന 2-8ൽ നേരിട്ടു വാങ്ങുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപെടുത്തിയതിനു ശേഷം വിതരണം നടത്തിയവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് (സഹകരണ സംഘം) തുക നൽകാനാണ് പറഞ്ഞിരിക്കുന്നത്. മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളും ജൈവവളം വിതരണം ചെയ്യുന്നതിനായി മാത്രമായാണ് നടപ്പാക്കിയത്. ആയത് ശരിയായ നടപടിയല്ല. ഈ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ ഇനി ഇത്തരത്തിലുള്ള അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തതിലെ അപാകത.

| | |
|---|---|
| പ്രോജക്ട്നമ്പർ | S0032/2018, വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് |
| ചെക്ക് നമ്പർ /ചെലവ് തുക | 1) 6/17-18,27.03.18-29800<br>2) 0164405/28.03.18-90000<br>3)0164404/28.03.18-123200<br>4)0164402/07.10.17-399600<br>5)0164401/11.07.17-421200 |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുത്തൻകുരിശ് |

2016-17 സാമ്പത്തിക വർഷം കേരള ശുചിത്വ മിഷന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്തിലെ 96 ഗുണഭോക്താക്കൾക്ക് ഗാർഹിക ബയോഗ്യാസ് പ്ലാന്റ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 2017-18 സാമ്പത്തിക വർഷവും സ്പിൽ ഓവറായി തുടരുകയായിരുന്നു. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൌണ്ടേഷൻ, ആലുവ എന്ന സ്ഥാപനത്തിൽ നിന്നാണ് ബയോഗ്യാസ് പ്ലാന്റ് വാങ്ങിച്ചത്. സബ്സിഡി മാർഗരേഖ ജി.ഒ(എം.എസ്) 73/11 തീയതി 01.03.2011 പ്രകാരവും, സബ്സിഡി മാർഗരേഖ ജി.ഒ(എം.എസ്) 80/17 തീയതി 03.04.2017 പ്രകാരം 1m$^3$ കപ്പാസിറ്റിയുള്ള ഗാർഹിക ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിട്ടുള്ളത് 10000/-രൂപയാണ്. എന്നാൽ യൂണിറ്റ് കോസ്റ്റ് ഇനത്തിൽ 13500/-രൂപയാണ് സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് അനുവദിച്ച് നൽകിയിട്ടുള്ളത്. തൻവർഷം 94 ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് നൽകിയിട്ടുണ്ട്. ജി ഒ(എം എസ്)239/2012 20.09.2012 തീയതിയിലെ ഉത്തരവ് പ്രകാരം ബയോഗ്യാസ് പ്ലാന്റിന്റെ യൂണിറ്റ് കോസ്റ്റ് 13500/-രൂപയാണ്. ഈ നിരക്കിന് സ.ഉ(കൈ)22/18/ത.സ്വ.ഭ. വ. തീയതി 14.02.18 ഉത്തരവ് പ്രകാരം 2018-19 പ്രോജക്ടുകൾ നടപ്പാക്കുന്നതു മുതലാണ് ബാധകം. ഇക്കാര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ സാങ്കേതിക അനുമതിയുടെ അടിസ്ഥാനത്തിലാണ് മേൽ പ്രോജക്ട് നടപ്പാക്കിയതെന്ന് അറിയിച്ചു. എന്നാൽ 2018-19 മുതൽ നടപ്പാക്കുന്ന പ്രോജക്ടുകൾക്കാണ് ജി.ഒ.(എം.എസ്.)239/2012 20.09.2012 തീയതിയിലെ ഉത്തരവ് ബാധകം. സർക്കാർ ഉത്തരവുകൾക്കും സബ്സിഡി മാർഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രോജക്ട് നടപ്പാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

.

## 3-6 ആട്ടിൻ കുട്ടിയെ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് | വനിതകൾക്ക് ആട്ടിൻകുട്ടിയെ വാങ്ങി നൽകൽ | പട്ടിക ജാതിയിൽ പ്പെട്ട വനിതകൾക്ക് ആട്ടിൻകുട്ടിയെ വാങ്ങി |

| | | |
|---|---|---|
| | (ജനറൽ) | നൽകൽ |
| പ്രോജക്ട് നം. | S0010/18 | S0045/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | വെറ്റിനറി സർജൻ |
| അടങ്കൽ തുക | 1000000 | 500000 |
| ചെലവ് തുക | 500000 (വികസന ഫണ്ട്) (470000 ഗു.വി.) | 375000 (വികസന ഫണ്ട്) (125000 ഗു.വി.) |
| ബിൽ നമ്പർ | 1)2/17-18,തീയതി, 11.01.18- 125000<br>2)5/17-18, തീയതി,11.01.18- 125000<br>3)8/17-18,തീയതി, 19.01.18- 125000<br>4) 9/17-18,തീയതി, 28.02.18- 95000<br>5)12/17-18,തീയതി, 24.03.18 -30000 | 1)3/17-18, തീയതി, 11.01.18 -187500<br>2)5/17-18, തീയതി, 11.01.18- 187500 |

ഗ്രാമപഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾക്ക് ആട്ടിൻകുട്ടിയെ വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ടുകൾ. അതനുസരിച്ച് ഒരെണ്ണത്തിന് 5000/-രൂപ എന്ന നിരക്കിൽ ശ്രീ.സി.എച്ച്. സുബൈർ, ചെരുവിൽ വീട്, മൂവാറ്റുപുഴ എന്ന വ്യക്തിയിൽ നിന്നും 294 ആട്ടിൻകുട്ടികളെ വാങ്ങുകയും ഗുണഭോക്താക്കൾക്ക് വിതരണം നടത്തുകയും ചെയ്തു. ഈ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. ആട്ടിൻകുട്ടികളെ വാങ്ങിയ വ്യക്തിയുമായി കരാർ ചമച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

2. ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ രൂപീകരിക്കേണ്ട പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച്,കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിട്ടാണോ വാങ്ങൽ നടത്തിയത് എന്ന വിവരം ഫയലിൽ ഇല്ല.

മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് മുദ്രപ്പത്രത്തിൽ കരാർ ചമച്ചതിന്റെ രേഖകൾക്ക് പകരം വെള്ള പേപ്പറിൽ ആട്ടിൻകുട്ടികളെ വാങ്ങിയ വ്യക്തിയുമായി കരാർ ചമച്ചതിന്റെ രേഖയാണ് ഹാജരാക്കിയത്. ഈ കരാറിന് നിയമപരമായി യാതൊരു സാധുതയുമില്ല. പിന്നീട് എന്തെങ്കിലും കോടതി കേസ് പോലുള്ളവ വന്നാൽ വെള്ള പേപ്പറിൽ ചമച്ച ഈ കരാറിന് നിയമത്തിന്റെ പരിരക്ഷ ലഭിയ്ക്കില്ല. ആയതിനാൽ നിയമാനുസൃമായ രീതിയിൽ മുദ്രപ്പത്രത്തിൽ തന്നെ കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഗുണഭോക്താക്കളെ കൂടാതെ നിർവ്വഹണോദ്യോഗസ്ഥനും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിലെ അംഗങ്ങളും കൂടി ഉണ്ടായിരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ

ഉണ്ടാകേണ്ടതാണ്.

## 3-7 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- അവലോകനം

2017-18 കാലയളവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താകളുടെ വിവരങ്ങൾ |
|---|---|---|---|
| 28/17-18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠന സഹായം | 964185 (പദ്ധതി വിഹിതം 500000) (ബ്ലോക്ക് വിഹിതം 250000) (ജില്ലാ പഞ്ചായത്ത് 214185) | 58 ഗുണഭോക്താക്കൾ |
| 18/17-18 | അങ്കണവാടിപോഷകാഹാരം | 1200000 ( പദ്ധതി വിഹിതം)599030 (കേന്ദ്ര വിഹിതം) | ഗ്രാമപഞ്ചായത്തിലെയും 27അംഗൻവാടികളിലെയും കുട്ടികൾ |
| 19/17-18 | പോഷകാഹാരം. എസ് സി | 199891 (പദ്ധതി വിഹിതം.എസ്.സി.പി) | ഗ്രാമപഞ്ചായത്തിലെയും 27അംഗൻവാടികളിലെയും കുട്ടികൾ |
| 36/17-18 | അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വർധിപ്പിച്ച വേതനം | 989508 (തനത് ഫണ്ട്) | 27അങ്കണവാടിയിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും വർധിപ്പിച്ച വേതനം |
| 188 /17-18 | അങ്കണവാടികൾക്ക് കളി ഉപകരണം | 204000 (പദ്ധതി വിഹിതം) | 16 അങ്കണവാടികൾക്ക് |
| 189 /17-18 | കൗമാര ക്ലബിന് ബുക്ക്ഷെൽഫ് | 169965 (ബി പി സി എൽ സംഭാവന) | 27 അങ്കണവാടികൾക്ക് |
| 190 /17-18 | കൌമാര ക്ലബിന് ലൈബ്രറി പുസ്തകം | 189000 (ബി പി സി എൽ സംഭാവന ) | 27 അങ്കണവാടികൾക്ക് |
| 193 /17-18 | അങ്കണവാടികൾക്ക് പാത്രങ്ങൾ | 41796 (ബി പി സി എൽ സംഭാവന ) | 27അങ്കണവാടി |

മേൽ പ്രോജക്ടുകളെല്ലാം നിർവ്വഹിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രോജക്ടിൽ ഏറ്റവും കൂടുതൽ ചെലവഴിച്ചത് അംഗൻവാടി പോഷകാഹാരത്തിനാണ്. 27 അംഗൻവാടികൾക്കായാണ് പോഷകാഹാര വിതരണം നടത്തിയിട്ടുള്ളത്. പോഷകാഹാരത്തിനുപുറമെ ആവശ്യമായ മറ്റു ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോർ വഴിയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത് ഇത് പ്രശംസനീയമായ നടപടിയാണ്. എന്നാൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നതിനും സർക്കാർ നിശ്ചയിച്ച അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്ന എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ശാരിരീക മാനസീക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താകൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 27 അംഗൻവാടികളാണുള്ളത്. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കൃത്യമായി പരിശോധിക്കേണ്ടതും, മോണിറ്റർ ചെയ്യേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. അംഗൻവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാൻിംഗ് കമ്മറ്റിയുടെ പ്രധാന ചുമതലകൾ ചുവടെ കൊടുക്കുന്നു.

1.പുതുതായി അംഗൻവാടികൾ ആരംഭിക്കൽ സംബന്ധിച്ച് ഭൂമി കണ്ടെത്തലും,ഫണ്ട് സ്വരൂപിക്കലും, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തലും, പഠന മാനദണ്ഡങ്ങളും പഠനോപാധികളും ക്രമീകരിക്കലും

2. പരിശോധനാ കമമറ്റികൾ രൂപീകരിക്കൽ

3. അംഗൻവാടികളുടെ പുരോഗതി വിലയിരുത്തൽ

4. അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മാ പരിശോധന

5.കുട്ടികൾക്കുള്ള അനുപൂരക പോഷക ആഹാരവസ്തുകളുടെ കൃത്യമായ ലഭ്യത ഉറപ്പാക്കൽ

6.അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുക

7.കൗമാരക്കാരായ പെൺകുട്ടികൾ /ഗർഭിണികളായ സ്ത്രീകൾ/മുലയൂട്ടുന്ന അമ്മമ്മാർ എന്നിവർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം.

ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റിയുടെ അംഗൻവാടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽപ്രസ്താവിച്ച പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട് എന്നത് വിലയിരുത്തുന്ന രേഖ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സാണ്. എന്നാൽ അംഗൻവാടികളെ സംബന്ധിച്ച പൊതുവായ പ്രോജക്ട് നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശമല്ലാതെ സമഗ്രമായ വിലയിരുത്തലൊന്നും തന്നെ മിനുട്ട്സിൽ പരാമർശിച്ചിട്ടില്ല. ആകെയുള്ള 27 അംഗൻവാടികളിൽ 25 എണ്ണത്തിനുമാത്രമേ സ്വന്തമായ കെട്ടിടമുള്ളു. ഒരു അംഗൻവാടി അമൃത കുടീരം ട്രസ്റ്റിനു കീഴിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മറ്റൊരെണ്ണം (സെൻറ്റർ നം. 139) സ്വകാര്യ വ്യക്തിയുടെ വീട്ടിലാണ് പ്രവർത്തിക്കുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടിയ്ക്ക് കെട്ടിടം നിർമ്മിക്കേണ്ടുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. മേൽ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ അംഗൻവാടികൾ പരിശോധന നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. കുട്ടികളുടെ ഹാജർ, ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ, അളവ് എന്നിവ പരിശോധനാ വിധേയമാക്കണം. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതനമായപദ്ധതികളുടെ ആവിഷ്കാരം എന്നിവയെല്ലാം ക്ഷേമകാര്യ സ്റ്റാൻിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- പാലിന്റെ അളവ് സാക്ഷ്യപ്പെടുത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | S0256/18/ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ തുക | 475000 |
| ചെലവ് തുക | 400000 (വികസന ഫണ്ട്)<br>75000 (ബ്ലോക്ക് വിഹിതം) |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 1)1/17-18,തീയതി, 26.03.18-400000<br>2)3797566,തീയതി, 23.03.18-75000 |

2017-18 വർഷം നടപ്പാക്കിയ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പദ്ധതിക്കായി മുകളിൽ കൊടുത്ത പ്രകാരം ആകെ ₹ 475000/- ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വെമ്പിള്ളി സൗത്ത് ക്ഷീരോത്പാദകസംഘം, പാങ്കോട് ക്ഷീരോത്പാദക സഹകരണസംഘം, പഴന്തോട്ടം ക്ഷീരോത്പാദക സഹകരണസംഘം, മറ്റക്കുഴി ക്ഷീരോത്പാദക സഹകരണസംഘം, പെരിങ്ങാല ക്ഷീരോത്പാദക സഹകരണസംഘം, വെള്ളൂർക്കര ക്ഷീരോത്പാദക സഹകരണസംഘം, പുത്തൻകുരിശ് ക്ഷീരോത്പാദക സഹകരണസംഘം എന്നിവിടങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് അതാത് സഹകരണസംഘം സെക്രട്ടറിമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പാലുത്പാദക ബോണസ് അനുവദിച്ചിരിക്കുന്നത്. വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.08.2017ലെ 3-ാം നമ്പർ തീരുമാനമനുസരിച്ചാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്. സബ്സിഡി തുക അനുവദിക്കുന്നതിന് ഓരോ കർഷകരും ക്ഷീര സംഘത്തിലൂടെ നൽകിയ പാലിന്റെ അളവ് ക്ഷീരവികസന ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പാൽ അളക്കുന്നതിന്റെ അളവ് പരിശോധിച്ചതിന്റെ വിവരം അറിയിക്കുന്നതാണ് എന്ന് വിശദീകരിച്ചു. ആയത് ഓഡിറ്റിന് മുൻപാകെ എത്രയും വേഗം ഹാജരാക്കേണ്ടതാണ്.

.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 214185 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഠന സഹായം | 214185 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് പഠന സഹായം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75000 | പാലിന് സബ്സിഡി | 75000 | 0 |
| | ആകെ | 539185 | | | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 49367985 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 3501939 |
| ആകെ | 52869924 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52869924 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803230000699 | 5912348 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803230000700 | 5912351 |
| 3 | എറണാകുളം ജില്ല സഹകരണ ബാങ്ക് | 197741 | 505056 |
| 4 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803030243405 | 5821114 |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803030243406 | 5821111 |
| 6 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803030243407 | 5821114 |
| 7 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 3388803030243408 | 5821114 |
| 8 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 338803230000729 | 5915356 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പുത്തൻ കുരിശ് | 338803230000730 | 5915357 |
| 10 | വടവുകോട് ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്ക് | 33046 | 5425000 |
| ആകെ | | | 52869921 |

വാർഷിക കണക്കുകളിലെ തുകയും വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ തുകയും തമ്മിൽ മൂന്നു രൂപയുടെ വ്യത്യാസമുണ്ട്. അപാകത വിശദീകരിക്കേണ്ടതാണ്.

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും വരവില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീട്ടുള്ളവർക്ക് വീട് നൽകിയതിലെ തടസ്സം | റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കിയതായി അറിയിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരം തുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1.മാവേലി സ്റ്റോറിന്റെ തൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെന്നറിയച്ചിട്ടുണ്ട്. 2. മാവേലി സ്റ്റോർ കരിമുകൾ- നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്. 3.തുക ഈടാക്കിയിട്ടില്ല. 4.ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് 5.തുക ഈടാക്കിയിട്ടില്ല. |
| 2015-16 | 2-4 | 2016-17 | | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെട്ടത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | | തൊഴിൽ നികുതി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ 37 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽ ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപനത്തിന് ബോധ്യപ്പെട്ടതായി അറിയിച്ചു. |

## **4-8** ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ.ശിവൻ | LF18883/Spl. Cell/SC2/04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 dt 31.03.00, 62/82919 dt 31.03.00) | - | | | ₹1557 | ₹624/- | |
| 2 | 1999-00 | 43(1) | പി.എൻ.രാജമ്മ | LF3510/Spl Cell/CSC3/06, 01.02.08 | 10000/- | - | - | | | - | ₹10000/- | |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി.രാധാ കൃഷ്ണൻ | LF2723/CS3/10, 27.03.10 | 9614/- | - | - | | | - | ₹9614/- | |

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 113279948 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111530901 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 307040 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| | നഷ്ടമായ തുക | | |
|---|---|---|---|
| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
| ഇല്ല | | | |

.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 307040 | ഡോ.ആശ പോൾ, വെറ്റിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ആശ പോൾ, വെറ്റിനറി സർജൻ | ലഭ്യമാക്കിയില്ല | എള്ളൂർ, പന്നിക്കുഴിയിൽ, കുമാരപുരം പി.ഒ. പള്ളിക്കര |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | റിമാർക്സ് |
|---|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6)274/95 /31.07.1995 | |
| 1993-94 | എൽ.എഫ്.ഇ.(പി1)1111/96 /26.12.1996 | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ഇ.(പി1)/98/99 / 07.07/1999 | |
| 1996-97 | | |
| 1997-98 | എൽ.എഫ്.ഇ.(പി1)1040/98 /02.07.1999 | |
| 1998-99 | എൽ.എഫ്.ഇ.(പി1)1352/2000 /21.05.2001 | |
| 1999-2000 | എൽ.എഫ്.ഇ.(പി1)371/2001 /05.11.2001 | |
| 2000-01 | എൽ.എഫ്.ഇ.(പി1)727/05 /20.05.2006 | |
| 2001-02 | | |
| 2002-03 | എൽ.എഫ്.ഇ.(പി1)97/07 /16.10.2007 | |
| 2003-04 | എൽ.എഫ്.ഇ.(പി1)1014/08 /08.07.2009 | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.ഇ.(പി1)570/09 /10.07.2009 | |
| 2005-06 | എൽ.എഫ്.ഇ.(പി1)585/10 /29.10.2011/ 07.03.2012 | |
| 2006-07 | എൽ.എഫ്.ഇ.(പി1)588/10 /25.10.2011 | |
| 2007-08 | എൽ.എഫ്.ഇ.(പി1)815/10 /25.10.2008 | |
| 2008-09, 2009-10 & 2010-11 | എൽ.എഫ്.ഇ.(പി1)1634/12 /29.10.2012 | |
| 2011-12 | എൽ.എഫ്.ഇ.(പി1)12/2014 /30.01.2014 | |
| 2012-13 | എൽ.എഫ്.ഇ(പി1)292 /2015/ 13.02.2015 | |
| 2013-14, 2014-15 | എൽ.എഫ്.ഇ-ഇകെ.എം (പി1)233/16/ 12.2.2016 | |
| 2015-16 | KSAEKM (P1) 2050/2016 / 15.12.2016 | |
| 2016-17 | KSAEKM (P1) 1836/2017/ 9.10.2017 | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഇ.കെ.എം.(പി.1)2025/2018

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271
lfadekm@gmail.com
തീയതി:30-10-2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എറണാകുളം ജില്ലയിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

.

ഡെപ്യൂട്ടി ഡയറക്ടർ